**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1156** **18-01-2021 - ൽ മറുപടിയ്ക്ക്**

**ചേരാനല്ലൂർ പഞ്ചായത്തിലെ കുറുംകോട്ട പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് | | **Shri G. Sudhakaran**<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പ് 10/7/2017 തീയതിയിലെ 942/2017 ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും എന്നാൽ നാളിതുവരെ കിഫ്ബി അംഗീകാരം നേടാൻ സാധിക്കാത്തതുമായ എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലെ കുറുംകോട്ട ദ്വീപിലേക്കുള്ള കുറുംകോട്ട പാലം യാഥാർത്ഥ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | എറണാകുളം നിയോജക മണ്ഡലത്തിലെ കുറുങ്കോട്ട ദ്വീപും വട്ടുതലയും തമ്മിൽ ബന്ധിപ്പിച്ചു കൊണ്ടാണ് ഈ പാലം നിർമ്മിക്കേണ്ടത്. ഈ പാലം നിർമ്മാണത്തിനായി GO(Rt)No.942 /2017/PWD dated 10.07.2017 പ്രകാരം 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകുകയും തുടർന്ന് മണ്ണ് പരിശോധന പ്രവൃത്തികൾ നടത്തുകയും ചെയ്തു. അതനുസരിച്ച് ലഭിച്ച റ്റി.ജി.ഡി (ടെന്റേറ്റീവ് ജനറൽ അലൈൻമെന്റ് ഡിസൈൻ) പ്രകാരം പാലത്തിന് 312 മീറ്റർ നീളവും, 7.50 മീറ്റർ വീതിയിൽ 2 നിര ഗതാഗതത്തിനു ഉതകുന്ന പാതയും, ഇരുവശങ്ങളിലും 1.5 മീറ്റർ വീതിയിൽ നടപ്പാതയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഉയർന്ന വേലിയേറ്റ നിരപ്പിൽ നിന്നും 7 മീറ്റർ ക്ലിയറൻസിലും 26.00 x 10.25.70 x 2 വീതം 12 സ്പാനുകളിലായിട്ടാണ് പാലം വിഭാവനം ചെയ്തിട്ടുള്ളത്. ഡിസൈൻ വിഭാഗത്തിൽ നിന്നും നിർദ്ദേശിച്ച പ്രകാരം വട്ടുതല ഭാഗത്ത് അധികമായി നടത്തേണ്ട മണ്ണ് പരിശോധന പ്രവൃത്തികൾ ആരംഭിച്ചപ്പോൾ വട്ടുതല നിവാസികളുടെ എതിർപ്പിനെ തുടർന്ന് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ല. പരിസരവാസികളുടെ എതിർപ്പിനെ തുടർന്ന് സ്ഥലം ലഭിക്കാൻ സാധ്യത കുറവായതിനാൽ പാലത്തിന്റെ വീതി 7.50 മീറ്ററിൽ നിന്നും 5.50 മീറ്ററായി കുറയ്ക്കാൻ ബഹു.എം.എൽ.എ ശ്രീ.ജോൺ ഫെർണാണ്ടസ് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇപ്രകാരം ഡിസൈനിൽ മാറ്റം വരുത്തിയാൽ അത് KIIFB മാനദണ്ഡപ്രകാരം പാലത്തിന്റെ നിർമ്മാണം സാധിക്കുകയില്ല. കൂടാതെ വെർട്ടിക്കൽ ക്ലിയറൻസ് 5 മീറ്ററായി കുറച്ച് കൊണ്ട് പാലം നിർമ്മിക്കുമ്പോൾ പാലത്തിന്റെ വട്ടുതല ഭാഗത്ത് ഏകദേശം 100 മീറ്റർ നീളത്തിലും 18 മീറ്റർ വീതിയിലും ഇരുവശങ്ങളിലെ സർവീസ് റോഡ് ഉൾപ്പെടെ നിർമ്മിക്കുകയാണെങ്കിൽ മാത്രമേ |

| | | | |
|---|---|---|---|
| | | | പ്രദേശവാസികൾക്ക് അവരുടെ സ്ഥലത്തേക്ക് ഉള്ള പ്രവേശനം സാധ്യമാകുകയുള്ളൂ. അപ്പോൾ വീണ്ടും വട്ടുതല ഭാഗത്ത് സ്ഥലം ഏറ്റെടുക്കേണ്ട സ്ഥിതി സംജാതമാകും. സ്ഥലം ഏറ്റെടുത്താൽ മാത്രമേ KIIFB യിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | ഇതു സംബന്ധിച്ച് ധനകാര്യ വകുപ്പ് റിപ്പോർട്ട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിലെ 27/ഡി1/2020 നമ്പർ ഫയലിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ട് ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ നിർദ്ദേശാനുസരണം പുതുക്കിയ അലൈൻമെന്റും ഡിസൈനും തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. നിലവിൽ പ്രസ്തുത പാലം പേരാഞ്ചൂർ കനാലിൽ വരുന്നതുകൊണ്ട് കുറഞ്ഞത് 5 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് വേണമെന്ന് ഇറിഗേഷൻ വകുപ്പിന്റെ നിർദ്ദേശമുണ്ട്. ഇതു കൂടി കണക്കിലെടുത്ത് പുതിയ ഡിസൈനും അലൈൻമെന്റും തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണ്. ഇങ്ങനെ നിർമ്മിക്കുമ്പോഴും വട്ടുതല ഭാഗത്ത് അപ്രോച്ച് റോഡിന്റെ പാർശ്വഭിത്തി നിർമ്മിക്കുന്നതിനും സർവ്വീസ് റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കേണ്ടി വരുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് എന്നത്തേക്ക് ധനകാര്യ വകുപ്പിന് നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | ഡിസൈൻ തയ്യാറാക്കി ലഭിക്കുന്ന മുറയ്ക്ക് റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതാണെന്ന് ചീഫ് എഞ്ചിനീയർ പാലങ്ങൾ വിഭാഗം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ